കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അന്തിക്കാട് ഗ്രാമപഞ്ചായത്ത്

**2018-19**

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail:** dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2) 195/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020
ഫോൺ: 0487-2331249
Email: dotsr.ksad@kerala.gov.in
തീയതി:12/3/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
അന്തിക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2) 195/2020 തിയ്യതി: 12/03/2020

# തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-02-2019 മുതൽ 23-01-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, ഓഡിറ്റ് സാമ്പത്തിക വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-01-20 മുതൽ 01-02-20 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ശിവദാസൻ.എ.കെ (23-01-2020 മുതൽ) അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ വിക്രമൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ ഡോമിനിക് ഓഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.വി.ശ്രീവത്സൻ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.പി.ജി.വസന്തകുമാർ | 01.04.18 മുതൽ 14.03.19 വരെ |
| | കിൻസ് ബോയ് (ഇൻ ചാർജ്) | 15.03.19 മുതൽ 31.03.19 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ഗ്രേസി.എ.ടി. | 01.04.18 മുതൽ 02.04.18 വരെ |
| | ശ്രീമതി.മിനി.എസ്. | 03.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ധന്യ.എം.എസ്. | 01.04.18 മുതൽ 20.06.18 വരെ |
| | ശ്രീമതി.ശരണ്യ.വി.പി | 21.06.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ബീന മൊയ്തീൻ.കെ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ഗീത.പി.കെ | 01.04.18 മുതൽ 31.07.18 വരെ |
| | ഡോ. ബീന കെ.എസ് | 01.08.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പ്രവീൺ.ബി.വിശ്വം | 01.04.18 മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജീവ്.കെ.ആർ | 01.04.18 മുതൽ 22.11.18 വരെ |
| | ഡോ.രേഖ.പി | 23.11.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ., അന്തിക്കാട് സർക്കിൾ | ശ്രീ.അൻസു അലക്സ് | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ., പടിയം സർക്കിൾ | റെനീഷ് എ എച്ച് | 01.04.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൂര്യമോൾ.ടി.എസ് | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്., പുത്തൻപീടിക. | ശ്രീമതി.ബീന.ടി.സി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കിൻസ്ബോയ് .ടി | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സ്മൃതി വാസുദേവൻ | 01.04.18 മുതൽ 31.03.19വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ | 1-9 |

| | | |
|---|---|---|
| | സംവിധാനത്തിലെ പോരായ്മകൾ | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീതു പരിശോധനയിൽ കണ്ട അപാകതകൾ | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-13 |
| 14 | ലൈസൻസ് അപാകതകൾ | 1-14 |
| 15 | വസ്തുനികുതി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | വസ്തു നികുതി കുറവായി നിർണയിക്കുന്നതു മൂലം നഷ്ടം | 1-16 |
| 17 | വസ്തുനികുതി - മറ്റു അപാകതകൾ | 1-17 |
| 18 | ഹോമിയോ മെഡിക്കൽ ഓഫീസറുടെ പ്രോജക്ട് - മരുന്നുകൾ ലഭിക്കാൻ കാലതാമസം | 1-18 |
| 19 | മെഡിക്കൽ ഓഫീസർ -ആയുർവേദം നടപ്പാക്കിയ പദ്ധതികൾ - അപാകത | 1-19 |
| 20 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ - അപാകത | 1-20 |
| 21 | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ പദ്ധതി കരാർ കലാവധികഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 22 | പഞ്ചായത്തിന്റേതല്ലാത്ത ഭൂമിയിൽ പദ്ധതിപ്പണം വിനിയോഗിച്ച് പഞ്ചായത്തിന്റെ അനധികൃത നിർമ്മാണം | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല | 1-23 |
| 24 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല. | 1-24 |
| 25 | നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു. | 1-25 |
| 26 | ചെലവുകൾ ആധികാരികമാണ് എന്ന് നിലവിൽ തെളിയിക്കാനായിട്ടില്ല. പരിശീലനച്ചെലവുകളുടെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | പരിശീലനം നടത്താത്ത കാലയളവിൽ പരിശീലനച്ചിലവ് വന്നത്. 32679 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-27 |
| 28 | ഗുണഭോക്തൃവിഹിതം പഞ്ചായത്തിലടക്കാതെ ഗുണഭോക്താക്കൾ നേരിട്ട് ചിലവഴിച്ച നടപടി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം. | 1-28 |
| 29 | കറക്ഷൻ ടെൻഡർ ഫോറത്തിൽ രേഖപ്പെടുത്തി | 1-29 |

| | | |
|---|---|---|
| | നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തത്. | |
| 30 | തെരുവു വിളക്ക് അറ്റകുറ്റപ്പണി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 31 | പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-വാട്ടർ അതോരിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.-പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണോ വെള്ളക്കരം അടവാക്കുന്നതെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. | 1-31 |
| 32 | പഞ്ചായത്ത് വാഹനം -ലോഗ് ബുക്ക് പരിപാലിക്കുന്നതിലെ അപാകത. | 1-32 |
| | **ഭാഗം-2** | |
| 33 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | **ഭാഗം-3** | |
| 34 | പരിശീലനം നടത്താത്ത കാലയളവിൽ പരിശീലനച്ചെലവ് വന്നത്. 32679 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| | **ഭാഗം-4** | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ധനസഹായം | 4-2 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 46 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 47 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2019 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 141631629 രൂപയും ചെലവ് 133790,000 രൂപയും ആണ്. 11.02.19 തീയതിയിലെ തീരുമാനം നം.7/1 പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം വരവ് 9,77,36,992 രൂപയും ചെലവ് 8,83,96,213 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 25.06.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3820973 |
| വരവ് | 69976876 |
| ആകെ | 73797849 |
| ചെലവ് | 64131707 |
| നീക്കിയിരിപ്പ് | 9666142 |

## 1-4 ഫണ്ട് വിനിയോഗം

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12196000 | 12196000 | 12196000 | - |
| വികസന ഫണ്ട് (SCP) | | 0 | 6016000 | 6016000 | 6016000 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5553000 | 5553000 | 5488971 | 64029 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2780000 | |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7414893 | 7414893 | 5500702 | 1914191 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടി.എസ്.സി | | 52604 | 1559291 | 1611895 | 485104 | 1126791 |
| ഐ.സി.ഡി.എസ് | | 249981 | 1020119 | 1270100 | 560737 | 709363 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1423945 | 2220115 | 3644060 | 2708938 | 935122 |
| | ജില്ലാ പഞ്ചായത്ത് | 65803 | 3642046 | 3707489 | 3459105 | 248744 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 8411772 | 8411772 | 8411772 | |
| തനത് ഫണ്ട് | TDCB OWN FUND | 2800485 | 4026895 | 6827380 | 3063246 | 3764134 |
| | STSB OWN FUND | -4920 | 10907037 | 10902117 | 9819186 | 1082931 |
| | SBI E PAYMENT | 17127 | 41632 | 58759 | 0 | 58759 |
| SMGB -1893 | | 1485351 | 2689962 | 4175313 | 1045865 | 3129448 |
| SBT KURDFC | | 1431 | 9764606 | 9766037 | 9748434 | 17603 |
| TDCB സാക്ഷരത | | 6627 | 268 | 6895 | 0 | 6895 |
| ASCS SWABHIMAN ACCOUNT | | 144213 | 54809 | 199022 | 0 | 199022 |
| SMGB 918 NREGS | | 0 | 547726 | 547726 | 547726 | 0 |
| KGB300 | | 104062 | 5927 | 109989 | 0 | 109989 |
| സംയുക്ത പ്രോജക്ട് STSB | | -820735 | 8212644 | 7391909 | 6208043 | 1183866 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 108540590 | 80 | 49819381 | 44 | 2 | 45.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 21510665 | 21510655 | 21510655 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 547726 | 547726 | 547726 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 123360 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 4746400 | 368 |
| വിധവാപെൻഷൻ | 12655700 | 1030 |
| വാർദ്ധക്യകാലപെൻഷൻ | 23010000 | 1890 |
| വികലാംഗപെൻഷൻ | 2696300 | 211 |
| അവിവാഹിത പെൻഷൻ | 1100300 | 93 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39167/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

1.പഞ്ചായത്തിന്റെ ആസ്തി സൂക്ഷിപ്പുകൾ കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ആസ്തികൾ കാലോചിതമായി ഏറ്റക്കുറച്ചിലുകൾ വരുത്തി പുതുക്കുന്നതായി കാണുന്നില്ല. പല തരം തെരുവുവിളക്കു സാമഗ്രികൾ പഞ്ചായത്തിൽ ഉപയോഗിച്ചു വരുന്നുണ്ട്. എന്നാൽ ഇവയുടെ ഇനം തിരിച്ച സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2അസി.എഞ്ചിനീയറുടെ ഡെപ്പോസിറ്റുകളുടെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇ.എം.ഡി, എസ്.ഡി എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിൽ ആയവ തിരിച്ചു കൊടുക്കുമ്പോൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഓരോ വർഷാവസാനവും കൊടുക്കാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റ് വിവരങ്ങളുടെ ഒരു അബ്സ്ട്രാക്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 09/01/2020 മുതൽ 10/01/2020 വരെ | 2019 ഒക്ടോബർ , നവംബർ | 2019 ജൂലൈ, ആഗസ്ത്, സെപ്തംബർ വരെ റിപ്പോർട്ട് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറൽ | 19/3/2013 | 2008-09 സപ്ലിമെന്ററി | എൽ.ബി.എ(എച്ച്.ക്യു)111/08 ബി/-788 /des.377 dt. 19/03/2013 |

| | | | |
|---|---|---|---|
| | | ഓഡിറ്റ് റിപ്പോർട്ട് | |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1തൻവർഷം**

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2068419 | 1919551 | 137320 | 23803 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2068419 | 1917463 | 137320 | 23803 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( 25048/105X100)= 23855 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 864903 | 721854 | 45734 | 102987 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 864903 | 706897 | 45734 | 102987 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(108165/105X100)= 103014 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 130866 | 119498 | 13128 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 114192 | 119440 | 13128 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (55267+64635/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (13827/105X100)= 13169 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 412880 | 95425 | 317557 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 398686 | 93557 | 317557 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(113315. +305305/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(333514/105X100)= 317632 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 105875 | 6956 | 112831 | 97384 | 6045 | 103429 | 7465 | - | 1245 | 699 | 1944 |
| | നോൺ-റെസിഡൻഷ്യൽ | 43744 | 20887 | 64631 | 36421 | 4831 | 41252 | 2356 | - | 5178 | 15957 | 21135 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | 149619 | 27843 | 177462 | 133805 | 10876 | 144681 | 9821 | | 6423 | 16656 | 23079 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 25790 | | | 144380 | | | - | - | 23225 | | |
| | | 25790 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State govt. Cess/ levies..... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 214പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 144380 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 144681 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.7. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101- Advance collection of | 505857 | 137320 |

| | | | |
|---|---|---|---|
| | revenues - Property tax on Residential building | | |
| 2 | 350410101- Advance collection of revenues - Property tax on Non- Residential building | 86019 | 45734 |

2.8. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 183054രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800276 | 31.3.19 | 137320 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800277 | 31.3.19 | 45734 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 480554രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യുളിൽ "431910101-State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക-22884 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 23225രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ)-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യുൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income - Property tax on residential buildings | (150976) |
| 280100104-Prior period income- Property tax on non residential buildings | 7798 |
| 280100105-Prior period Service Cess on Residential Buildings | (6113) |
| 280100106-Prior period Service Cess on Non-Residential Buildings | 744 |
| 280200401-Prior period-Other Income | (149,667) |

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5845169 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1392531രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

6. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11a) എന്ന ശീർഷകത്തിലെ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7.ഡിപ്രീസിയേഷൻ കണക്കാക്കുന്നതിനായി തയ്യാറാക്കിയ വർക്ക് ഷീറ്റിൽ 31.3.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ 31.3.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ളതോ ആയ ആസ്തിമൂല്യം മുഴുവൻ ഉൾക്കൊള്ളിച്ചിട്ടില്ല.

8. Sale of agricultural farms (150100102), Sale of Tender forms (150110101),saleof fish farms(150100105)എന്ന ശീർഷകങ്ങളിലെ വരവുതുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-12 രശീതു പരിശോധനയിൽ കണ്ട അപാകതകൾ

പഞ്ചായത്തിലെ രശീതു ബുക്കുകളിൽ വന്നിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു:
1. രശീതു ബുക്കിന്റെ ഉപയോഗശേഷം ബാക്കി വന്ന പേജുകൾ ക്യാൻസൽ ചെയ്യുകയോ കീറുകയോ ചെയ്തിട്ടില്ല.
ഉദാ:- രശീതു ബുക്ക് നം.6510 , 37 പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളു.
2. അസിസ്റ്റന്റ് എൻജിനീയർക്ക് നല്കിയ രശീതു ബുക്ക് നം. 16866 – ൽ പേജുകൾ ഒന്നും ഉപയോഗിച്ചിട്ടില്ല. പേജുകൾ ക്യാൻസൽ ചെയ്യുകയോ കീറുകയോ ചെയ്യാതെ 2019-20 വർഷത്തിൽ പഞ്ചായത്ത് പുതിയ രശീതിബുക്ക് അനുവദിച്ചിട്ടുണ്ട് (രശീതി നം. 6514).
2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രശീതിബുക്ക് പൂർണ്ണമായി ഉപയോഗിച്ചു തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പഴയ രസീത് ബുക്കിലെ പേജുകൾ ബാക്കി നില്ക്കേ, ആയത് ക്യാൻസൽ ചെയ്തിട്ടുണ്ടോ എന്ന പരിശോധിച്ചശേഷമേ പുതിയത് അനുവദിക്കാൻ പാടുള്ളൂ. രസീത് ബുക്കിലെ പേജുകൾ ഏതെങ്കിലും അവസരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് അതിൽ ഉത്തരവാദിത്തമുണ്ടായിരിക്കുകയും ചെയ്യും.
3. ഓരോ രശീതു ബുക്കിന്റെയും പേജുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തുന്ന 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' രശീതു ബുക്കിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
ഉദാ:- രശീതു ബുക്ക് നം. 36982, 36981, 57142
മേൽസൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയറുടെ കാഷ്ബുക്ക്, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 5 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്തടവാക്കിയിട്ടില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | അനിൽകുമാർ വി.കെ. |
| 2 | ഉണ്ണികൃഷ്ണൻ വി. |
| 3 | സെബാസ്റ്റ്യൻ |
| 4 | ജോസഫ് എം.ടി. |
| 5 | സ്മിത വി.ആർ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/29-1-20) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലൈസൻസ് അപാകതകൾ

I) ലൈസൻസ് -പഴയ മാതൃക പിന്തുടരുന്നു

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി&ഒ ലൈസൻസ് എന്നത് FTEAOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 279 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

II) <u>ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, തൊഴിൽനികുതിയും ഡിമാന്റ് ചെയ്യുവാനും സാധിച്ചില്ല</u>

2018-19 വർഷത്തിൽ തൊഴിൽനികുതി അടവാക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ട് ഏതാനും സ്ഥാപനങ്ങളുടെ ലിസ്റ്റ് ഓഡിറ്റ് എൻക്വയറിയായി (നം 20, തീ 29.01.2020) നല്കിയപ്പോൾ താഴെ കൊടുത്തിരിക്കുന്ന കാരണങ്ങൾകൊണ്ട് പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്.

| ലൈസൻസ് നല്കാത്തതിനു കാരണം | |
|---|---|
| സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | മലിനീകരണ നിയന്ത്രണ ബേർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| ഗുഡ്ഡേ ബേക്കറി & കഫേ, മങ്ങാട്ടുകര | ലക്ഷ്യ മെഡിക്കൽ ലാബ് |
| കാരണത്ത് ടീ സ്റ്റാൾ, അന്തിക്കാട് | സാഹി ഫ്ലവർ മിൽ, പടിയം |
| റാണി എള്ളെണ്ണ, കണ്ടശ്ശാംകടവ് | ടോണി ഇൻഡസ്ട്രീസ്, പുത്തൻപീടിക |
| കേരള ഖാദി | കേരള ഖാദി |
| റിസർച്ച് ലാബ് | റിസർച്ച് ലാബ് |
| | മോഡേൺ ലാബ്, പുത്തൻപീടിക |

മേൽ സ്ഥാപനങ്ങൾ ലൈസൻസ് തുക ഒടുക്കുകയും എന്നാൽ ആവശ്യമായ രേഖകൾ ഹാജരാക്കാതിരിക്കുകയും ചെയ്തതു കാരണം ആയതിന് ലൈസൻസ് അനുവദിച്ചിട്ടില്ല. അതിനാൽ തന്നെ തൻവർഷം തൊഴിൽനികുതിയും മേൽ സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.
FTEAOS ലൈസൻസ് ആവശ്യമായ രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രം അനുവദിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ്-ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായി ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു.

**III)റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

പഞ്ചായത്ത് പരിധിയിൽ **8** റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ പ്രവർത്തിക്കുന്നതിന്

ലൈസൻസ് എടുക്കേണ്ടത് ആവശ്യമാണ്. എന്നാൽ ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി 29.01.2020) മറുപടിയായി ഇവ നിലവിൽ ലൈസൻസ് എടുത്തിട്ടില്ലെന്നും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . റേഷൻ ഷോപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതുമൂലം ലൈസൻസ് ഫീസിനത്തിലും ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നു.

IV) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.10.16 ലെ R11549/16(1) നമ്പർ കത്ത് പ്രകാരം കള്ള് ഷാപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 17.10.16 ന് ചേർന്ന പഞ്ചായത്ത് കൗൺസിൽ യോഗത്തിലെ 340(11)/16 നമ്പർ തീരുമാനം എടുത്തിരുന്നു. 2018-19 വർഷത്തിൽ കള്ള്ഷാപ്പുകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.20, തീയതി 29.01.2020) മറുപടിയിൽ, ആയവ ലൈസൻസ് എടുത്തിട്ടില്ലെന്നും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഏഴ് കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

## 1-15 വസ്തുനികുതി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വാർഡ് V ൽ കെട്ടിട നമ്പർ 75A മുതൽ 75M വരെ തൃശ്ശൂർ താലൂക്ക് തഹസിൽദാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 2013-14 മുതലുള്ള വസ്തുനികുതി അടവാക്കി കാണുന്നില്ല. 2018-19 വരെ ആകെ ₹2,23,041/- രൂപ കുടിശ്ശികയുണ്ടെന്നും വസ്തുനികുതി വസൂലാക്കുന്നതിനായി റവന്യു റിക്കവറി സംബന്ധിച്ച് ഓൺലൈനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.19/ 29.1.2020) മറുപടി നല്കിയിട്ടുണ്ട്. ഇപ്രകാരം വസ്തുനികുതി കുടിശ്ശികയുള്ളതിനാൽ 100% നികുതിപിരിവു സാധ്യമല്ലാതെ വരികയും, കളക്ഷൻ ഇൻസന്റീവ് തുടങ്ങിയവയിൽ പഞ്ചായത്ത് പിൻതള്ളപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ അടിയന്തരമായി പതിയേണ്ടതും സർക്കാർ തലത്തിൽ തീരുമാനങ്ങളെടുക്കുന്നതിലേക്കും പഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശിക അവസാനിപ്പിക്കുന്നതിലേക്കും കാര്യങ്ങളെ നയിക്കേണ്ടതുമാണ്.

## 1-16 വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നതു മൂലം നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം അന്തിക്കാട് ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ: 60/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100 ച. മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു.

എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1)

പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി നികുതി നഷ്ടം സംഭവിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പ. | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വാണിജ്യ ആവശ്യത്തിനുള്ള ആകെ ബിൽഡിംഗ് ഏരിയ |
|---|---|---|---|
| 1 | III / 376 A to 376 E<br>III / 376 F to 376 J | പോട്ടേപറമ്പിൽ മുഹാരി എന്ന ബുഹാരി മകൻ രേഷ് | 178.22 $m^2$<br>227.29 $m^2$ |
| 2 | IV / 372 (A) to 372 D) | മാങ്ങൻ കൊച്ചാപ്പു എന്ന ദേവസ്സി മകൻ ജോസ് | 220.76 $m^2$ |
| 3 | XIII/ 334(E) to 334 (O) | സനോജ് താണിക്കൽ | 174.61 $m^2$ |
| 4 | IV / 395 (A) & 395 (B) | കൊറ്റയിൽ ശ്രീധരൻ മകൻ ഡോ.പ്രദോഷ് | 149.88 $m^2$ |

ഈ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിരിക്കുന്നത് ഓരോ കെട്ടിടമുറിക്കും രൂ.40/ച.മീ. എന്ന നിരക്കിലാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് രൂ.60/ച.മീ. എന്നതാണ്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി – മറ്റ് അപാകതകൾ

I)<u>വിമുക്തഭടന്മാരുടെ കെട്ടിടനികുതി ഇളവു സംബന്ധിച്ച്</u>

പഞ്ചായത്തിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08.08.2018ലെ തീരുമാനം 7, 06.12.2018ലെ തീരുമാനം 3, 08.03.2019ലെ തീരുമാനം 2 എന്നിവ പരിശോധിച്ചു. 2018-19 വർഷത്തിൽ വിമുക്തഭടന്മാരുടെ കെട്ടിടനികുതി ഇളവു സംബന്ധിച്ച് 'സഞ്ചയ' സോഫ്റ്റ്വെയറിൽ കൊടുത്തിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ മേൽ തീരുമാനങ്ങളിൽ കാണുന്നില്ല.

II/16, II/254A, II/319, III/212, III/315, IV/248, VII/289, X/291

II)<u>പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ സംബന്ധിച്ച്</u>

പഞ്ചായത്തിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.03.2018ലെ തീരുമാനം 3, 08.08.2018ലെ തീരുമാനം 6, 06.12.2018ലെ തീരുമാനം 2, 08.03.2019ലെ തീരുമാനം 3 എന്നിവ പരിശോധിച്ചു. 2018-19 വർഷത്തിൽ കെട്ടിടനികുതി ഒഴിവാക്കിയവരുടെ 'സഞ്ചയ' സോഫ്റ്റ്വെയറിൽ കൊടുത്തിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന 30 കെട്ടിടങ്ങൾ, മേൽ തീരുമാനങ്ങളിൽ കാണുന്നില്ല.

IX/23, XI/193, II/6, XI/53, XI/74, V/366, VIII/40, V/408, V/448, V/549, XIII/365, XV/82, XV/136, IV/357, IV/321, XIII/434, I/102, XIV/317, XIV/43, XIII/399,XII/155, VIII/373, VII/261, XII/194, II/141, X/154, II/192A, XIII/233, IX/371, XII/169

ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27.01.2020) മറുപടി ലഭ്യമായില്ല.

## 1-18 ഹോമിയോ മെഡിക്കൽ ഓഫീസറുടെ പ്രോജക്ട് - മരുന്നുകൾ ലഭിക്കാൻ കാലതാമസം

പ്രോജക്ട് നം.S0031/18-19, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ തുക : 1,50,000 /-
ട്രഷറി ബിൽ നം.1/ 25.5.2018, തുക : 80,000/-
ട്രഷറി ബിൽ നം.2/ 22.12.2018, തുക : 70,000/-

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ എന്ന ഈ പ്രോജക്ടിൽ 80,000/- രൂപയുടെ മരുന്നുകൾ 22.05.2019 ന് ലഭ്യമായിട്ടുണ്ട്. 70,000/- രൂപ 29.01.2019 – ൽ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ-യ്ക്ക് നല്കിയെങ്കിലും ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമായില്ല. ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 10/ 25.01.2020) യുടെ മറുപടി ഇപ്രകാരമാണ് : മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ, ഫോണിൽ ഹോംകോ-യുമായി പല തവണ ബന്ധപ്പെടുകയും 14.01.2020-ൽ റിമൈൻഡർ കത്തും ഇൻഡന്റും വീണ്ടും അയയ്ക്കുകയും ചെയ്തു. മേൽവിഷയം 23.01.2020 നടത്തിയ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും വേണ്ട നടപടി സ്വീകരിക്കാമെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചതായും വൈകിയുള്ള മരുന്നു ലഭ്യത ജില്ലയിലെ എല്ലാ ഹോമിയോ സ്ഥാപനങ്ങൾക്കുമുള്ള ഒരു പൊതുപ്രശ്നമായതിനാൽ മെഡിക്കൽ ഓഫീസർമാരുടെ പ്രതിമാസ മീറ്റിംഗിൽ അവതരിപ്പിച്ച് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യാമെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയിൽ സൂചിപ്പിക്കുന്നുണ്ട്. ഓഡിറ്റിന്റെ അവസാനദിവസം ഹാജരായ മെഡിക്കൽ ഓഫീസർ, മരുന്നുകൾ ലഭ്യമായതായി അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കുകയോ സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തി ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ആയതു പരിശോധിക്കുവാൻ സാധിച്ചില്ല.

## 1-19 മെഡിക്കൽ ഓഫീസർ -ആയുർവേദം നടപ്പാക്കിയ പദ്ധതികൾ - അപാകത

പ്രൊജക്ട് നം.122/18-19 വയോജനങ്ങൾക്ക് സമഗ്ര ആരോഗ്യ പദ്ധതി (എസ്.സി.പി.)
ചെലവ് തുക – 34262/-
നിർവ്വഹണോദ്യോസ്ഥ – മെഡിക്കൽ ഓഫീസർ, ആയുർവേദം
ട്രഷറി ബിൽ നം. 27/18-19, തീ.19.06.18, തുക – 34262/-
സ്പിൽ ഓവർ പ്രൊജക്ട് ആയി നടപ്പാക്കിയ ഈ പദ്ധതിയിൽ 2018-19 വർഷം രക്തപരിശോധന, ബോധവൽക്കരണ ക്ലാസ്സ്, ജീവിതശൈലീരോഗങ്ങൾക്ക് സംയോജിത ആയുർവ്വേദ-യോഗ ചികിത്സാപദ്ധതി-ബുക്ക് വിതരണം എന്നീ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. Diachem Health Care Pvt Ltd എന്ന സ്ഥാപനത്തിന് 23,850/- രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി നൽകിയിട്ടുണ്ട്. മേൽസ്ഥാപനത്തെ എപ്രകാരമാണ് തെരഞ്ഞെടുത്തത് എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/ 30.01.2020) 2017-18 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായി 2 ഘട്ടങ്ങളിൽ നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ആദ്യഘട്ടത്തിൽ ക്വട്ടേഷൻ വിളിക്കുകയും അതിൽ കുറഞ്ഞ തുക കാണിച്ച Diachem Health ലാബിന് രക്തപരിശോധനാക്യാമ്പ് നടത്തുന്നതിന് അനുമതി നല്കുകയും ചെയ്തു എന്ന് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത ലാബ്, എന്തൊക്കെ പരിശോധനകളും പ്രവർത്തനങ്ങളുമാണ് നടത്തേണ്ടതെന്ന് സംബന്ധിച്ച് സ്ഥാപനവുമായി കരാറിലേർപ്പെട്ടതായോ ധാരണാ പത്രം ഒപ്പ് വച്ചതായോ കാണുന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

## 1-20 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പദ്ധതികൾ - അപാകത

പ്രൊജക്ട് നം. S0029/19, ലാബിലേക്ക് ആവശ്യമായ റീ ഏജന്റ് & സാമഗ്രികൾ വാങ്ങൽ,
ചെലവ് തുക – 30,000/-
ട്രഷറി ബിൽ നം. 10/18-19, തീ.22.11.18, തുക – 29,139/-
” ” നം. 12/18-19, തീ.19.12.18, തുക – 861/-

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ ‘ലാബിലേക്ക് ആവശ്യമായ റീ ഏജന്റ് & സാമഗ്രികൾ വാങ്ങൽ’ എന്ന പദ്ധതിപ്രകാരം Bio-Agencies, Surgicals & Diagnostics, തളിക്കുളം എന്ന സ്ഥാപനത്തിൽ നിന്ന് 30,000/- രൂപക്ക് റീ ഏജന്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന് ക്വട്ടേഷൻ ക്ഷണിച്ച് കാണുന്നില്ല. 15,000/- രൂപ മുതൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. കുറഞ്ഞത് മൂന്ന് ക്വട്ടേഷനുകളെങ്കിലും ക്ഷണിക്കണം. പരമാവധി കിഴിവ് രേഖപ്പെടുത്തുന്ന ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന് വാങ്ങൽ ഉത്തരവ് നല്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-21 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ പദ്ധതി കരാർ കലാവധികഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് -അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ (13/19)

ഫണ്ട് അടങ്കൽ - 167000/- (റോഡിതരം)

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ - 12/18-19 തീ.13/12/18 തുക -167000/-

പഞ്ചായത്തിലെ 9 അങ്കണവാടികൾക്ക് (അങ്കണവാടി നമ്പർ 53,55,60,61,62,64,65,69,71) വാട്ടർ കണക്ഷൻ നൽകുന്നതിനായി വാട്ടർ അതോറിറ്റിയുടെ ടെക്നിക്കൽ സാങ്ഷൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ ബിൽപ്രകാരം തുക കേരള വാട്ടർ അതോറിറ്റിയുടെ പി.എച്ച് ഡിവിഷന് 24/12/2018നു കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായുള്ള കരാർ പ്രകാരം പദ്ധതി ജൂലൈ 2019 നു പൂർത്തീകരിക്കേണ്ടതായിരുന്നു എന്നാൽ ഓഡിറ്റ് കാലയളവിലും (ജനുവരി/2020) പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടും വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കുംവരെ ചെലവ് തുകയായ 167000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ5/21.1.2020)

## 1-22 പഞ്ചായത്തിന്റേതല്ലാത്ത ഭൂമിയിൽ പദ്ധതിപ്പണം വിനിയോഗിച്ച് പഞ്ചായത്തിന്റെ അനധികൃത നിർമ്മാണം

പ്രോജക്ട് -എക്കോഷോപ്പ് പദ്ധതി(116/19),എക്കോഷോപ്പ് പദ്ധതി അധിക വിഹിതം (113/19)

ഫണ്ട് അടങ്കൽ - 324000/- (വികസനം),76000/-(വികസനം)

ചെലവ് – 400000/-

നിർവ്വഹണം -കൃഷി ഓഫീസർ

ബിൽ നമ്പർ - 1)1/18-19 തീ.08/06/18 തുക -200000/-

2)5/18-19 തീ.13/11/18 തുക -124000/-

3)14/18-19 തീ.14/3/19 തുക -76000/-

കരാർ നൽകിയ ഏജൻസി -കോസ്ററ് ഫോർഡ്

ഭരണാനുമതി -14/3/18 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം ന.1(3)

സാങ്കേതിക അനുമതി -കോസ്റ്റഫോർഡ്,നം.071/2017-18തീ.14.3.18

കരാർനം./ തീയ്യതി -1356/17-18/21.4.18

കർഷകരിൽ നിന്നും കാർഷികോത്പന്നങ്ങൾ നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)പ്രോജക്ട് രൂപീകരണ ഫോറത്തിൽ (ക്രമ നം.36)ആസ്തിയുടെ യൂണീക്ക് കോഡ് ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണപൂർത്തീകരണത്തിനുശേഷം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ Agriculture development programmes എന്ന ചെലവ് ഹെഡ്ഡിലാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത്(ആസ്തിയായി വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല).

2) അസി.എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ, തൃശ്ശൂരിനോട് ഇറിഗേഷൻ ഭൂമിയിൽ പഞ്ചായത്തിന്റെ ഇക്കോഷോപ്പിന്റെ നിർമ്മാണ പ്രവർത്തികൾ തുടരുന്നതിന് അനുമതി ലഭ്യമാക്കുവാൻ 8/8/18 ൽ ബി1-2420/18ലെ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടു കാണുന്നു. എന്നാൽ ഇതിന് അനുമതി ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3)കോസ്റ്റ് ഫോഡുമായി കൃഷിഓഫീസർ ഒപ്പിട്ട എഗ്രിമെന്റിലും ,എസ്റ്റിമേറ്റ് റിപ്പോർട്ടിലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല.

4)കെ.പി.ബി.ആർ പാലിക്കുന്നില്ല (ദൂര പരിധിപാലിക്കുന്നില്ല,അതിരുകളിലേക്കുള്ള അകലം വ്യക്തമല്ല)

എന്ന കാരണത്താൽ ടി നിർമ്മാണത്തിന് അനധികൃത കെട്ടിടനിർമ്മാണത്തിനുള്ള നംമ്പർ (U/AIII/477A)ആണ് നൽകിയിട്ടുള്ളത്.

5)നികുതി നിർണ്ണയ ഫോറത്തിൽ താത്ക്കാലിക നിർമ്മാണം എന്ന് രേഖപ്പെടുത്തിയിരുക്കുന്നു. ഇപ്രകാരം(400000/-രൂപചെലവിൽ) താതിക്കാലിക നിർമ്മാണം എന്ന് കണക്കാക്കുവാൻ കാരണം വ്യക്തമല്ല.

6)നിലവിൽ ടികെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണ് എന്ന് വ്യക്തമല്ല. 1955 ലെ 12-ാംമത് തിരുകൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മ സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്ത് ( രജിസ്ട്രേഷൻ നമ്പർ TSR/TC/362/18 DT.27/6/18) ഈ സംരംഭം അന്തിക്കാട് ഇക്കോ ഷോപ്പ് എന്ന പേരിൽ ഒരു നിയമാവലി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്നു. നിയമാവലി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, രഷറർ എന്നിവർ കർഷകരാണ്. പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവർ ഭരണസമിതിയിൽ അംഗങ്ങളായിരിക്കും എന്ന് നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് സംഘവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
പഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെടാത്ത സ്ഥലത്ത് പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പദ്ധതിപ്പണം ചെലവഴിച്ച് അനധികൃത കെട്ടിട നിർമ്മാണം നടത്തുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. പദ്ധതിപ്പണം വിനിയോഗിച്ച് ഇപ്രകാരം നിർമ്മാണം നടത്തുന്നതിന് മാർഗ്ഗരേഖയിലോ/സർക്കാർ അനുമതിയോ ലഭിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.ആയത് ലഭിക്കുന്ന മുറയ്ക്കു വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുവാൻ ബാധ്യസ്തരായ പഞ്ചായത്ത് തന്നെ ചട്ടലംഘനം നടത്തി നിർമ്മാണ പ്രവർത്തി നടത്തിയത് കൃത്യവിലേപമായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് സംഘവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ13/20.01.2020)

## 1-23 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റിയിട്ടില്ല

പ്രോജക്ട് -പി.എം.എ).വൈ /ലൈഫ് ഭവന പദ്ധതി

നിർവ്വഹണം -വി.ഇ.ഒ (പടിയം സർക്കിൾ)

ലൈഫ് ഭവന പദ്ധതി പ്രകാരം കരാർ വച്ച് ഭവനനിർമ്മാണ ആരംഭിച്ച ജോളി സെന്തിൽ കുമാർ, വഴിനടയ്കൽ (വാർഡ് 15) എന്നവർ 2018-19, 2019-20 എന്നീ വർഷങ്ങളിലായി താഴെപ്പറയും പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കി നാളിതുവരെ അവസാനഗഡു കൈപ്പറ്റിക്കാണുന്നില്ല .

| വർഷം | കൈപ്പറ്റിയ തുക |
|---|---|
| 2018-19 | 275000 |
| 2019-20(ജനുവരി 30/20 വരെ) | 25000 |
| ആകെ | 300000 |

കാലതാമസം വരാനുണ്ടായ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (24/01.01.2020) മറുപടിയിൽ വീട് നിർമ്മാണം പൂർത്തിയാക്കി കെട്ടിടനമ്പർ ലഭിക്കുന്നതിന്റെ ആവശ്യത്തിലേക്ക് വീണ്ടും വില്ലേജിൽ നിന്നും പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഹാജരാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ (നം.452/2019/19.7.19) തൃശ്ശൂർ മുൻസിഫ് കോടതിയുടെ അറ്റാച്ച്മെന്റ് (os/1229/2017) രേഖപ്പെടുത്തിയിട്ടുണ്ടെന്നും, കെട്ടിടനിർമ്മാണം ആരംഭിക്കുമ്പോൾ ലഭ്യമാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ (no.33264562/21.6.18) കോടതിയുടെ അറ്റാച്ച്മെന്റ് രേഖപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നും, ലൈഫ് മിഷന്റെ എൽ.എഫ്/2/511/2018 dt.13.4.18 ഉത്തരവിൽ കരാർ വച്ച ഗുണഭോക്താവ് അർഹനല്ലെന്ന് ബോധ്യപ്പെട്ടാൽ തുടർ ഗഡുക്കൾ നൽകുവാൻ പാടില്ലയെന്നും, അതുവരെ നൽകിയ തുക 12% പലിശ സഹിതം തിരിച്ചുപിടിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതിനാൽ അവസാന ഗഡുവായ 100000/- നൽകിയിട്ടില്ലയെന്നും വില്ലേജ് എക്സറ്റൻഷൻ ഓഫീസർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. കേടതി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കു് അവസാനഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കോടതി നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കാലതാമസം (പദ്ധതി കാലയളവിനുള്ളിൽ) വരുന്നപക്ഷം നൽകിയ തുക 12% പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതുമാണ്.

## 1-24 വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.

എഗ്രിമെന്റ് വ്യവസ്ഥയിലെ ഖണ്ഡിക 6, 7 എന്നിവ പ്രകാരം തന്റേതല്ലാത്ത കാരണത്താൽ പ്രവർത്തി നടത്താൻ കഴിയാത്ത പക്ഷം കരാറുകാരൻ ഈ വിവരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം പഞ്ചായത്തു കമ്മിറ്റി അംഗീകാരത്തോടെ ടൈം എക്സ്റ്റെൻഷൻ നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വെക്കേണ്ടതാണ്. ഇവിടെ സമയപരിധിക്കുള്ളിൽ പണിതീർക്കാനാവില്ല എന്നുള്ളതിന്റെ ഒരു കാരണവും കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

1. ഇതിൽ ചന്ദ്രശേഖരൻ റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ എഗ്രിമെന്റ് തിയ്യതി 07/03/2018 നാണ്. ആറു മാസം കാലാവധിയുള്ള ഈ പ്രവർത്തിയിൽ യഥാർത്ഥ കംപ്ലീഷൻ തിയ്യതി 07/09/2018 നാണ്. എന്നാൽ പ്രവർത്തി പൂർത്തീകരിക്കുന്നത് 24/01/2019 നാണ്. എം.ബി.നമ്പർ 354/18-19 ലെ പേജ് 1 മുതൽ പരിശോധിച്ചതിൽ ആദ്യ മെഷർമെന്റ് പോലും 01/12/2018 നാണ് ആരംഭിക്കുന്നത്. കാലാവധിക്കുള്ളിൽ ഒരു പണിയും നടന്നിട്ടില്ല എന്നു മാത്രമല്ല പ്രവർത്തി വൈകിയതിന് ന്യായയുക്തമായ ഒരു കാരണവും ചൂണ്ടിക്കാട്ടുകയോ, പഞ്ചായത്ത് കമ്മിറ്റി ശുപാർശ സാധൂകരിക്കുകയോ, ടൈം എക്സ്റ്റെൻഷൻ നൽകുകയോ ചെയ്തിട്ടില്ല. വസ്തുതകൾ ഇതായിരിക്കെ എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിക്കപ്പെട്ട ഈ പ്രവർത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക 10534 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ തന്ന മറുപടി യഥാർത്ഥ എഗ്രിമെന്റ് പിരീഡിനകത്ത് കൃത്യമായ കാരണം ചൂണ്ടിക്കാട്ടി സമയം ദീർഘിപ്പിച്ചു നൽകിയില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ പരിഗണനാർഹമല്ല എന്ന് വിലയിരുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | എഗ്രിമെന്റ് നമ്പർ. തിയ്യതി | എസ്റ്റിമേറ്റ്/ എഗ്രീഡ് പി.എ.സി | അംഗീകൃത കാലയളവ് (ടെക്നിക്കൽ സാംങ്ഷൻ ഉത്തരവ്/ ഇതര രേഖകൾ പ്രകാരം) | പ്രവർത്തി അവസാനിച്ച തിയ്യതി | ബിൽ നമ്പർ, തുക,തിയ്യതി |
|---|---|---|---|---|---|---|
| 1 | 100/19 ചന്ദ്രശേഖരൻ റോഡ് റീടാറിംഗ് | 33/17-18/AE/ LSGD/AKD dt. 28/03/2018 | 1053495 | 6 മാസം | 24/01/2019 | ബിൽ നമ്പർ. 27/18-19 dt.15/03/2019. തുക. 627317<br>28/18-19 dt.11/03/2019<br>തുക.424895 |

2. ഈ പ്രവൃത്തിയിൽ നിശ്ചിത സമയത്തിനുള്ളിൽ പണി തീർക്കാത്തതിനെത്തുടർന്ന് 22/11/2018 ൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. 18/09/2018 ലെ പഞ്ചായത്ത് കമ്മിറ്റി 1/6 തീരുമാന പ്രകാരം കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കാരണമായി ചേർത്തിരിക്കുന്നത് ഫണ്ട് ലാപ്സാകാതിരിക്കാനാണ്. ഫയലിൽ ടാർ ഇനങ്ങൾ എല്ലാം തന്നെ 03/2018 ൽ ലഭിച്ചിട്ടുണ്ട്. അതായത് മുൻകൂട്ടി കാണാൻ കഴിയാത്ത ഒരു കാരണവും ചൂണ്ടിക്കാട്ടാനില്ലാത്ത സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും നിയമാനുസൃതം പിഴ ഈടാക്കത്തതിന്റെ കാരണം അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ മറുപടി നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടില്ല. ആയതിനാൽ എഗ്രീഡ് പി.എ.സി യുടെ 1% തുകയായ 1690 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | എഗ്രിമെന്റ് നമ്പർ. തിയ്യതി | എസ്റ്റിമേറ്റ്/ എഗ്രീഡ് പി.എ.സി | അംഗീകൃത കാലയളവ് (ടെക്നിക്കൽ സാംങ്ഷൻ ഉത്തരവ് പ്രകാരം) | പ്രവർത്തി അവസാനിച്ച തിയ്യതി | ബിൽ നമ്പർ,തുക,തിയ്യതി |
|---|---|---|---|---|---|---|
| 1 | 105/19 മുറ്റിച്ചൂർ പുലാംപുഴ റോഡ് | 35/17-18/ae/ lsgd/akd dt.28/03/2018 | 170000 | 4 മാസം | 19/02/19 | ബിൽ നമ്പർ.31/18-19<br>169036 dt. 19/03/2019 |

| | റീടാറിംഗ് | | | | | |
|---|---|---|---|---|---|---|

## 1-25 നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. എസ്റ്റിമേറ്റ് പി.എ.സിയുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു.

താഴെ ചേർക്കുന്ന പ്രവർത്തിയിൽ നിശ്ചിത സമയത്ത് എഗ്രിമെന്റ് വെച്ചിട്ടില്ല എന്നു കാണുന്നു. ഈ സാഹചര്യത്തിൽ 2012 ലെ പി.ഡബ്ള്യു.ഡി മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി (2009.5)(2009.6) എഗ്രിമെന്റിലേർപ്പെട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഈടാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് പി.എ.സിയുടെ 1% തത്തുല്യമായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | എഗ്രീഡ് പി.എ.സി | സെലക്ഷൻ നോട്ടീസ് തിയ്യതി | സെലക്ഷൻ നോട്ടിസ് നമ്പർ | എഗ്രിമെന്റ് ഒപ്പിട്ട തിയ്യതി, എഗ്രിമെന്റ് നമ്പർ | പിഴ തുക |
|---|---|---|---|---|---|---|
| 1 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | 150000 | 23/12/2017 | 17/18 AE/ lsgd | 22/17-18/AE/ LSGD?AKD dt. 27/02/2018 | 1500 |
| 2 | ആയുർവേദ ആശുപത്രി മെയിന്റനൻസ് | 300000 | 23/12/2017 | 17/18 AE/ lsgd | 23/17-18/AE/ LSGD/AKD dt. 27/02/2018 | 3000 |
| 3 | ഹരിത കേരളം പദ്ധതി | 600000 | 23/12/2017 | Nil/17-18/ AE/lsgd | 34/17-18/AE/ LSGD/AKD dt.28/03/2018 | 6000 |
| 4 | ജവാൻ റോഡ് മെറ്റലിംഗ് | 1380000 | 20/12/2017 | 17/18/AE/ LSGD | 18/17-18/AE/ LSGD/AKD dt.27/02/2018 | 13800 |
| 5 | പാറക്കാട്റോഡ് നിർമ്മാണം | 675000 | 30/11/2018 | 61/17-18/AE/ LSGD/AKD | 24/18-19/AE/ LSGD/AKD dt.10/01/2019 | 6750 |
| 6 | മുറ്റിച്ചൂർ പുലാംപുഴ റോഡ് റീടാറിംഗ് | 170000 | 23/12/2017 | 35/17-18/ae/ lsgd/akd | 35/17-18/AE/ LSGD/AKD dt.28/03/2018 | 1700 |

## 1-26 ചെലവുകൾ ആധികാരികമാണ് എന്ന് നിലവിൽ തെളിയിക്കാനായിട്ടില്ല. പരിശീലനച്ചെലവുകളുടെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : കുട്ടികൾക്ക് കായിക പരിശീലനം

പ്രോജക്ട് നമ്പർ : 51/18-19

ബിൽ നമ്പർ. 12/18-19 dt. 22/03/2019 തുക 32679/-

ബിൽ നമ്പർ. 7/18-19 dt. 24/12/2018 തുക. 67320/-

ബിൽ നമ്പർ. 9/18-19 dt.04/2/2019 തുക. 66700/-

ബിൽ നമ്പർ.11/18-19 dt. 04/02/2019 തുക. 25200/-

ഈ പ്രോജക്ടിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ജൂഡോ പരിശീലനം, നീന്തൽ പരിശീലനം എന്നിവയാണ് നടത്തിയിട്ടുള്ളത്. മേൽ ബില്ലുകളിൽ നിന്നും ഫുട്ബോൾ പരിശീലനത്തിന് സജീന്ദ്രമോഹൻ എന്ന പരിശീലകന് 25200 രൂപയും, ജൂഡോ പരിശീലനത്തിന് ഷൈനാൻ കെ.സി എന്നയാൾക്ക് 27000 നൽകിയിട്ടുണ്ട്. എന്നാൽ പരിശീലനത്തിന്റെ ഒരു മാനദണ്ഡമെന്താണ്, പരിശീലനത്തിന് മണിക്കൂറിന് എന്തു നിരക്കാണ്, അല്ലെങ്കിൽ മറ്റു മാനദണ്ഡമെന്താണ് എന്നിങ്ങനെ യാതൊരു വിവരവും എവിടേയും

രേഖപ്പെടുത്തിയിട്ടില്ല. പരിശീലകരുമായി ചേർന്ന് എത്ര നാൾ പരിശീലനം നൽകണം എത്ര സമയം നൽകണം അതിന്റെ നിരക്ക് എത്ര ഇങ്ങനെ അടിസ്ഥാന വിവരങ്ങൾ ചേർത്ത ഒരു കരാർ തയ്യാറാക്കിയിട്ടില്ല.

ആകെ ഭക്ഷണച്ചിലവ് 39879 രൂപയാണ്. ഭക്ഷണം നൽകിയതിന് കേവലം വൗച്ചറുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. എന്തു ഭക്ഷണമാണ് നൽകിയത്. എത്ര ദിവസങ്ങളിൽ നൽകി എന്നിങ്ങനെയുള്ള ഒരു വിശദാംശവും വൗച്ചറിൽ കാണിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക് നിർവ്വഹണോദ്യോഗസ്ഥന് കൃത്യമായ മറുപടി നൽകാനായിട്ടില്ല. ഇക്കാരണങ്ങളാൽ 92079 രൂപയുടെ ചിലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ.117/2019

നീന്തൽ പരിശീലനം സ്പിൽ ഓവർ

ബിൽ നമ്പർ. 4/18-19 തിയ്യതി. 28/06/2018

ഈ സ്പിൽ ഓവർ പ്രോജക്ടിലും മേൽ പറഞ്ഞ അപാകതകൾ തുടരുന്നു. ഇതിൽ പരിശീലകന് 32000 രൂപയാണ് നൽകിയിട്ടുള്ളത്. ഇങ്ങനെ തുക നൽകാൻ എന്തു മാനദണ്ഡമാണ് അടിസ്ഥാനമാക്കിയത് എന്ന് വ്യക്തമല്ല. പരിശീലകനുമായി ചേർന്ന് കരാർ ഒപ്പിട്ടിട്ടില്ല. രേഖകളുടെ അഭാവത്തിൽ 32000 രൂപയുടെ ചിലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പരിശീലനം നടത്താത്ത കാലയളവിൽ പരിശീലനച്ചെലവ് വന്നത്. 32679 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ട്: സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം -അപാകതകൾ പരിഹരിക്കേണ്ടതാണ്.

ബിൽ നമ്പർ 12/18-19 തിയ്യതി 22/03/2019

തുക. 32679/-

തുക ചെലവഴിച്ചിരിക്കുന്നത് ലഘുഭക്ഷണത്തിനും ജൂഡോ ക്ലാസ് നടത്തിയതിനുമാണ്. റിഫ്രഷ്മെന്റിന് 23679 രൂപയും ഷൈനൻ കെ.സി എന്ന പരിശീലകന് 9000 രൂപയും നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം 01/2019, 02/2019, 12/2018 എന്നീ മാസങ്ങളിൽ അറുപതു കുട്ടികൾക്ക് വീതം പരിശീലനം നൽകിയതിനാണ്. ജൂഡോ പരിശീലനത്തിന്റെ 23/01/2020 തിയ്യതിയിൽ നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ അറ്റൻഡൻസ് രജിസ്റ്റർ പേജ് 8, 9, 10, 11 എന്നിവയിൽ ജൂൺ 2018 മുതൽ നവംബർ 2018 വരെ പരിശീലനം നൽകിയ രേഖകളുണ്ട്. എന്നാൽ ബില്ല് മാറിയ മൂന്നു മാസങ്ങളിൽ പരിശീലനം നടത്തിയതായി നിലവിൽ രേഖയില്ല. അറ്റൻഡൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ എന്ത് മാനദണ്ഡമാണ് 12/2018, 01/2019, 02/2019 എന്നീ മാസങ്ങളിലെ പരിശീലനച്ചെലവ് , റിഫ്രഷ്മെന്റ് ചെലവ് എന്നിവ അനുവദിക്കാൻ മാനദണ്ഡമാക്കിയത് എന്ന ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ പുതിയ ഒരു അറ്റൻഡൻസ് രജിസ്റ്റർ ഓഡിറ്റ് തിയ്യതിയിൽ ഹാജരാക്കുകയുണ്ടായി. ഈ രജിസ്റ്ററിൽ പുതുതായി ചേർത്ത രേഖകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അറ്റൻഡൻസ് രജിസ്റ്റർ കണ്ട് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ചെലവു തുക അനുവദിക്കാനുള്ള ബാധ്യത നിർവ്വഹണോദ്യോഗസ്ഥനുണ്ടായിരുന്നു. അത് ചെയ്യാത്തതു കൊണ്ടാണ് ഓഡിറ്റിന് ആദ്യം ഹാജരാക്കിയ രജിസ്റ്ററിൽ ഇല്ലാതിരുന്ന രേഖകൾ പിന്നീട് ചേർത്തി കൊണ്ടു വന്നത്. നിയമപരമല്ലാത്ത ഈ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകെ 32679/- രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-28 ഗുണഭോക്തൃവിഹിതം പഞ്ചായത്തിലടക്കാതെ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച നടപടി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം

എ)പ്രോജക്ട് നമ്പർ. 42/18-19 (ജനറൽ പ്രോജക്ട്)

ആകെ ചിലവ്.108000

പദ്ധതി അടങ്കൽ. 144000

ബിൽ നമ്പർ. Po3/18-19 -108000 dt.29/12/2018

po8/18-19 – 84000 dt.16/01/2019

po15/18-19- 90000 dt. 13/02/2019

po 16/18-19-18000 dt.13/02/2019

ആകെ - 300000

സർക്കാർ ഉത്തരവ് (കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.7.2 പ്രകാരം ഗുണഭോക്തൃവിഹിതം നിർബന്ധമുള്ള പ്രോജക്ടുകളിൽ വിഹിതം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുകയും ആയത് പഞ്ചായത്തിൽ ഒടുക്കി ബന്ധപ്പെട്ട ഏജൻസിക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.

വ്യവസ്ഥ ഇതായിരിക്കെ ജനറൽ വനിത വിഭാഗക്കാർക്കായി ഓഡിറ്റ് വർഷം നടത്തിയ ആടുവളർത്തൽ പദ്ധതിയിൽ രണ്ടാടുകളുടെ വിലയായ 12000 രൂപ യൂണിറ്റ് കോസ്റ്റിൽ 50% തുകയായ 6000 രൂപ സബ്സിഡി തുക മാത്രം ആടിനെ വിറ്റ ആളുകളുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ഗുണഭോക്തൃവിഹിതം 6000 രൂപ പിരിച്ചെടുക്കാതെ നേരിട്ട് ചിലവഴിക്കുന്നതിന് അനുവദിക്കുകയും ചെയ്ത നടപടി മാർഗ്ഗ രേഖക്ക് വിരുദ്ധമാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ബി)പ്രോജക്ട് നമ്പർ. 43/18-19 (എസ്.സി പ്രോജക്റ്റ്)

ആകെ ചിലവ്: 108000/-

പദ്ധതി അടങ്കൽ: 144000/-

ബിൽ നമ്പർ. Po4/18-19 -54000/-

po9/18-19 – 36000/-

po12/18-19- 18000/-

ആകെ - 108000

എസ്.സി വനിത വിഭാഗക്കാർക്കായി ഓഡിറ്റ് വർഷം നടത്തിയ ആടുവളർത്തൽ പദ്ധതിയിൽ രണ്ടാടുകളുടെ വിലയായ 12000 രൂപ യൂണിറ്റ് കോസ്റ്റിൽ 75% തുകയായ 9000 രൂപ സബ്സിഡി തുക മാത്രം ആടിനെ വിറ്റ ആളുകളുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ഗുണഭോക്തൃവിഹിതം 3000 രൂപ പിരിച്ചെടുക്കാതെ നേരിട്ട് ചിലവഴിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക.2.8 പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുന്ന സംഗതികളിൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഗുണനിലവാരവും, അനുയോജ്യതയും സാക്ഷ്യപ്പെടുത്തിയ ശേഷം സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ് എന്നും അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഗുണഭോക്തൃവിഹിതം തദ്ദേശസ്ഥാപനത്തിൽ അടക്കേണ്ടതില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. പ്രസ്തുത മാർഗ്ഗരേഖ ഖണ്ഡിക 6.2 നോട്ട് 5 പ്രകാരം ഉരുക്കളെ വാങ്ങുന്നവരുടെ അക്കൗണ്ടിലേക്കാണ് അവയുടെ വില നൽകേണ്ടത്. ഇവിടെ ഉരുക്കളുടെ വില എന്നത് സബ്സിഡിയും ഗുണഭോക്തൃവിഹിതവും കൂടിയാണ്. ആയതിനാൽ ഇത്തരം പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതം നിശ്ചയമായും ഗുണഭോക്താക്കളിൽ നിന്ന് വാങ്ങി പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

## 1-29 കറക്ഷൻ ടെൻഡർ ഫോറത്തിൽ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തത്.

ആലും താഴം റോഡ് സൈഡ് കെട്ട് എന്ന പ്രോജക്ടിന്റെ ടെൻഡറുകൾ പരിശോധിച്ചതിൽ ശ്രീ.എം.ടി ജോസഫ്, ഉണ്ണികൃഷ്ണൻ.വി എന്നീ രണ്ടു വ്യക്തികൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട് എന്നു കണ്ടു. എന്നാൽ ശ്രീ.വി.ഉണ്ണികൃഷ്ണൻ സമർപ്പിച്ച ടെൻഡറിൽ റേറ്റ് കോട്ട് ചെയ്തത് ഉൾപ്പെടെ അഞ്ചിടത്ത് തിരുത്തുണ്ട്. ടെൻഡർ ഷെഡ്യൂളിൽ ഒരിടത്ത് 5% കുറവ് രേഖപ്പെടുത്തി വെട്ടിയിരിക്കുന്നു. ഒരിടത്ത് 4% കുറവ് രേഖപ്പെടുത്തി വെട്ടിയിരിക്കുന്നു. എന്നാൽ ടെൻഡർ തുറന്ന നിർവ്വഹണോദ്യോഗസ്ഥൻ ഈ കറക്ഷനുകൾ ടെൻഡർ ഫോറത്തിൽ രേഖപ്പെടുത്താതെ വിട്ടിരിക്കുന്നു. ടെൻഡർ നടപടിക്രമങ്ങൾ സുതാര്യവും , കൃത്യതയും വേണ്ടതാകയാൽ ഇതു സംബന്ധിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. എന്നാൽ ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇത്തരം കൃത്യവിലോപങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-30 തെരുവു വിളക്ക് അറ്റകുറ്റപ്പണി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി നമ്പർ -4/19
പദ്ധതി ചെലവ് -2,25,000/-
ബിൽ നമ്പർ -1)20/18-19 തീയതി 16.10.18 തുക 52,350/-

2)21/18-19 തീയതി 16.10.18 തുക 47,050/-
3)28/18-19 തീയതി 17.1.19 തുക 50,250/-
4)38/18-19 തീയതി 13.3.19 തുക 34,350/-
5)39/18-19 തീയതി 13.3.19 തുക 41,000/-

തെരുവു വിളക്ക് റിപ്പയറിന് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ ലിതു.കെ.എസ് എന്ന വ്യക്തിക്കാണ് ടെണ്ടർ ലഭിച്ചത്. ആയതു പ്രകാരം 413 ഡബിൾ ട്യൂബും, 169 സിംഗിൾ ട്യൂബും, 368 സി എഫ് എല്ലും 100 എൽ.ഇ.ഡി യും റിപ്പയർ ചെയ്ത വകയിലാണ് മേൽ പ്രകാരം തുക പിൻവലിച്ച് കരാറുകാരന് നൽകിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നിരിക്കെ അത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ റിപ്പയർ ചെയ്ത എണ്ണത്തിന്റെ ആധികാരികത പരിശോധിക്കുക സാധ്യമല്ല.

2. കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച് പുതിയവ നൽകുന്നുണ്ട് എന്ന് എൻക്വയറിക്കു മറുപടി നൽകിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച കണക്കുകൾ രേഖപ്പെടുത്തുന്നതിന് അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാറന്റി കാലയളവിൽ കേടുവന്ന ഉപകരണങ്ങൾ തിരികെ ലഭിച്ചതിന്റെയോ ആയവ സപ്ലൈ ചെയ്ത സ്ഥാപനത്തിന് നൽകി പകരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

4. തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ കരാറുകാരൻ സാമഗ്രികൾ കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല. സ്റ്റോക്ക് രജിസ്റ്റർ മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം510 12w LED വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പയർ ചെയ്തത് കരാറുകാരൻ നൽകിയ സ്റ്റേറ്റ്മെന്റിൽ CFL/LED കണക്കുകൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. രണ്ടും കൂടി 468 എണ്ണം റിപ്പയർ ചെയ്തതായി കാണിക്കുന്നു. കൃത്യത ഉറപ്പുവരുത്താൻ പഞ്ചായത്തിൽ രേഖകൾ ഒന്നും സൂക്ഷിച്ചുകാണുന്നില്ല. റിപ്പയർ ചെയ്തതിനേക്കാൾ അധികം എണ്ണം ഇഷ്യു ചെയ്തതായി കാണിക്കുന്നു.

അപാകതകൾ പരിഹരിക്കേണ്ടതും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-31 പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല-പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കാണോ വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്താന് കഴിഞ്ഞിട്ടില്ല

പ്രതിമാസം പഞ്ചായത്ത് 247 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 108063/-(247x5250/12) അടവാക്കി വരുന്നു (തൻവർഷത്തെ ഈ ഇനത്തിലെ ചെലവ് 12,96,756/-). ടാപ്പുകളുടെ എണ്ണം, എവിടെ സ്ഥാപിച്ചിരിക്കുന്നു എന്നിവ സംബന്ധിച്ച് വാർഡ് തിരിച്ചുള്ള കണക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കാണോ വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. പ്രതിവർഷം

12,96,756/-രൂപ പഞ്ചായത്തിന് ഈ ഇനത്തിൽ ചെലവുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമായ ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-32 പഞ്ചായത്ത് വാഹനം -ലോഗ് ബുക്ക് പരിപാലിക്കുന്നതിലെ അപാകത

പഞ്ചായത്ത് വാഹനമായ KL 08-AP-7683,മഹീന്ദ്ര ബൊലീറോയുടെ ലോഗ് പരിപാലിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1)ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപതം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2)തൻവർഷം (2018-19} ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല. ആയതിനാൽ ഇന്ധന ഉപഭോഗം സംബന്ധിച്ച് വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

3)വാഹന റിപ്പയർ, ഇൻഷുറൻസ് അടവാക്കൽ സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പരിശീലനം നടത്താത്ത കാലയളവിൽ പരിശീലനച്ചെലവ് വന്നത്. 32679 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ട്. സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം -അപാകതകൾ പരിഹരിക്കേണ്ടതാണ്.

ബിൽ നമ്പർ 12/18-19 തിയ്യതി 22/03/2019

തുക. 32679/-

തുക ചെലവഴിച്ചിരിക്കുന്നത് ലഘുഭക്ഷണത്തിനും ജൂഡോ ക്ലാസ്സ് നടത്തിയതിനുമാണ്. റിഫ്രഷ്മെന്റിന് 23679 രൂപയും ഷൈനൻ കെ.സി എന്ന പരിശീലകന് 9000 രൂപയും നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം 01/2019, 02/2019, 12/2018 എന്നീ മാസങ്ങളിൽ അറുപതു കുട്ടികൾക്ക് വീതം പരിശീലനം നൽകിയതിനാണ്. ജൂഡോ പരിശീലനത്തിന്റെ 23/01/2020 തിയ്യതിയിൽ നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ അറ്റൻഡൻസ് രജിസ്റ്റർ പേജ് 8, 9, 10, 11 എന്നിവയിൽ ജൂൺ 2018 മുതൽ നവംബർ 2018 വരെ പരിശീലനം നൽകിയ രേഖകളുണ്ട്. എന്നാൽ ബില്ല് മാറിയ മൂന്നു മാസങ്ങളിൽ പരിശീലനം നടത്തിയതായി നിലവിൽ രേഖയില്ല. അറ്റൻഡൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ എന്ത് മാനദണ്ഡമാണ് 12/2018, 01/2019, 02/2019 എന്നീ മാസങ്ങളിലെ പരിശീലനച്ചെലവ് , റിഫ്രഷ്മെന്റ് ചെലവ് എന്നിവ അനുവദിക്കാൻ മാനദണ്ഡമാക്കിയത് എന്ന ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ പുതിയ ഒരു അറ്റൻഡൻസ് രജിസ്റ്റർ ഓഡിറ്റ് തിയ്യതിയിൽ ഹാജരാക്കുകയുണ്ടായി. ഈ രജിസ്റ്ററിൽ പുതുതായി ചേർത്ത രേഖകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അറ്റൻഡൻസ് രജിസ്റ്റർ കണ്ട് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ചെലവു തുക അനുവദിക്കാനുള്ള ബാധ്യത നിർവ്വഹണോദ്യോഗസ്ഥനുണ്ടായിരുന്നു. അത് ചെയ്യാത്തതു കൊണ്ടാണ് ഓഡിറ്റിന് ആദ്യം ഹാജരാക്കിയ രജിസ്റ്ററിൽ ഇല്ലാതിരുന്ന രേഖകൾ പിന്നീട് ചേർത്തി കൊണ്ടു വന്നത്. നിയമപരമല്ലാത്ത ഈ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകെ 32679 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-8-19 | കെ.എസ്.എ.ടി.എസ്.ആർ(എസ് 1)1120/19(7) തിയ്യതി.31-8.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധന സഹായം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുൻബാക്കി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി | 200000 | |
| | | 1575 | 215000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 215000 | 1575 |
| | | | | അനുപൂരക പോഷകാഹാരം | | |
| | | | 75000 | പാലിന് സബ്സിഡി | 75000 | |
| | | 89 | | വയോജനങ്ങൾക്ക് കട്ടിൽ | | 89 |
| | | 4613 | 250000 | നെൽകൃഷി-ഉഴവ് കൂലി | 250000 | 4613 |
| | | 333968 | 230115 | ലൈഫ് – എസ്.സി, ഭവനം | 318715 | 245368 |
| | | | 250000 | ലൈഫ് – ജനറൽ, ഭവനം | 250000 | |
| | | 1083700 | | മാലിന്യ നിർമ്മാർജ്ജനം - കാന നിർമ്മാണം | 400223 | 683477 |
| | | | 500000 | അത്യുത്പാദനശേഷിയുള്ള നെൽവിത്ത് സബ്സിഡി | 500000 | |
| | | | 500000 | ആയുർവ്വേദ മരുന്ന് വാഹങ്ങൾ | 500000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 160000 | പാലിന് സബ്സിഡി | 160000 | |
| | | 1575 | 215000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 215000 | 1575 |
| | | | 1967046 | ലൈഫ് ജനറൽ ഭവനം | 1967046 | |
| | | | 200000 | സാന്ത്വനചികിത്സ | 200000 | |
| | | | 200000 | അനുപൂരക പോഷകാഹാരം | 200000 | |
| | | 50000 | 100000 | വികലാംഗർക്ക് ഉപകരണങ്ങൾ | 150000 | |
| | | 1374 | | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 1374 |
| | | 12852 | 500000 | നെൽകൃഷി-ഉഴവ് കൂലി | 500000 | 12852 |
| | | | 300000 | വയോജന ക്ഷേമപദ്ധതികൾ കട്ടിൽ | 67059 | 232941 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB, പെരിങ്ങോട്ടുകര | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രൊജക്ട് നം.77 | 21700553 | 373626 | 373626 | - | - |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രൊജക്ട് നം.77 | 21700822/ 41700243 | 200586 | 200586 | - | - |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രൊജക്ട് | 21700823/ 41700244 | 799414 | 689264 | - | 110150 |

| | നം.77 | | | | | |
|---|---|---|---|---|---|---|

## 4-4 മൊബൈലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ തിയ്യത് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC-HUDCO | ഇല്ല | 9346714 | ഇല്ല | ഇല്ല | 9346714 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റ് നം. 079 തിയ്യതി:05-07-2001, തൃശ്ശൂർ കോഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, വിരുപ്പാക്ക, തൃശ്ശൂർ | 5,000 |
| ആകെ | 5,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000, 2000-2001, 2001-2002 | 14 | 2004-05 | | റോഡ് മണ്ണിട്ട് ഉയർത്തലിന് ഉയർന്ന നിരക്ക് നൽകി - അധിക ചിലവ് അംഗീകരിക്കുന്നില്ല-അഞ്ച് മരാമത്ത് പ്രവർത്തികളിൽ നിന്നായി 37699 രൂപ അധികം നൽകി | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |
| 2006-2007 | 5.6.5 | 2010-11 | 3-6 | മൊബൈലൈസേഷൻ അഡ്വാൻസ് നൽകി പണി | വിശദീകരണ പത്രിക കേരള |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തിയാക്കിയിട്ടില്ല. രൂപ തിരിച്ചു പിടിക്കേണ്ടതാണ് | സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |
| 2014-2015 | 2(3) | 2016-17 | | വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതു സംബന്ധിച്ച് | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |
| 2015-16 | 2(1) | 2016-17 | | ഒന്നിലധികം ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69976876 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64131707 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32679 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 291079 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 32679 | ബീന ടി.സി, എച്ച്.എം.എൽ.പി.സ്കൂൾ |
| ആകെ | 32679 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 167000 | സൂര്യമോൾ.ടി.എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26(1) | 92079 | ബീന.ടി.സി.എച്ച്.എം.എൽ.പി.സ്കൂൾ |
| 1-26(2) | 32000 | ബീന.ടി.സി.എച്ച്.എം.എൽ.പി.സ്കൂൾ |
| ആകെ | 291079 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്,തസ്തിക | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ബീന.ടി.സി.എച്ച്.എം.ജി എൽ.പി.എസ് | | പുലിക്കോട്ടിൽ വീട്. കാഞ്ഞാണി.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോര്ർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 71-72 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 72-73 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 80-81 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6,7,16 (എ) |
| 81-82 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 3 -12,19,20 20-(2) ,3,24,27,28, |
| 82-83 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 18,19,20,21 |
| 83-84 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 16 |
| 85-86 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15,21,22,23(1),23(2), 25 (1) 26,32 (a),32(d) |
| 86-87,87-88 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 14 |

| | | |
|---|---|---|
| 88-89,89-90 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6 (എ, സി) |
| 90-91 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15 |
| 91-92 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15,17 |
| 92-93,93-94 | എൽ.എഫ്.ടി 13-74/96 തിയ്യതി 25-03-97 | |
| 96-97 | എൽ.എഫ്.ടി 13-74/98 തിയ്യതി 09-06-98 | |
| 97-98 | എൽ.എഫ്.ടി 13-1915/06 തിയ്യതി 09-08-06 | |
| 98-99 | എൽ.എഫ്.ടി 13-1916/06 തിയ്യതി 09-08-06 | |
| 99-2000 | എൽ.എഫ്.ടി13-1917/06 തിയ്യതി 09-08-06 | |
| 2000-01 | എൽ.എഫ്.ടി 13-2186/06 തിയ്യതി 30.06.07 | |
| 99-2000 മുതൽ 2001-02 (പ്ളാൻ) | എൽ.എഫ്.ടി 13-1078/03 തിയ്യതി 06.02.04/22.05.07 | |
| 2002-2003 | എൽ.എഫ്.ടി13-2188/06 തീ.08.02.07/06.10.2000 | |
| 2003-2004 | എൽ.എഫ്.ടി -1878/08 തീ.09.12.09 | |
| 2004-2005 | എൽ.എഫ്.ടി 11-1877/08 തീ.09.12.09 | |
| 2005-2006 | എൽ.എഫ്.ടി 11-868/09 തീ.13.08.10 | |
| 2006-2007 | എൽ.എഫ്.ടി 11-869/09 തീ.13.08.10 /04.03.11 | |
| 2007-2008 | എൽ.എഫ്.ടി പി 8-317/11 തീ.29.09.11 /04.01.12 | |
| 2008-2009 | എൽ.എഫ്.ടി പി 8-317 (എ) 11 തീ.10.10.11/ 04.01.12 | |
| 2009-2010 | എൽ.എഫ്.ടി പി 2-693/12 തീ.27/09/12 | |
| 2010-2011 | എൽ.എഫ്.ടി പി 2-694/12 തിയ്യതി 27/09/12 /02.03.13 | |
| 2011-2012 | എൽ.എഫ്.ടി പി 2-701/13 തീ.31.07.13 /05.10.13 | |
| 2012-2013 | എൽ.എഫ്.ടി പി 2 -2172/2013 തീ.11.02.14/05.05.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ പി2-1687/15 തീ.23-12-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി2-1038/16 തീ.28-06-2016 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി2-2204/2016 തീ.11-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.2)1574/2017 തീ.14.11.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.2) 355/2019 തീ.17.05.2019 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശൂർ ജില്ലയിലെ **അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ

സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2
## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |

| | |
|---|---|
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ